(ഡി) പരിശോധിച്ചു വരുന്നു.

(ഇ) സംസ്ഥാനത്തിന് ഹാനികരമല്ലാത്ത രീതിയിൽ പ്രശ്നങ്ങൾ അവതരിപ്പിക്കുവാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ഇരു സംസ്ഥാനങ്ങളിലെയും മന്ത്രിതലത്തിൽ പ്രശ്ന പരിഹാരത്തിന് പ്രയത്നം നടന്നുകൊണ്ടിരിക്കുന്നതിനാൽ ഇക്കാര്യം ബോർഡിൽ ഉന്നയിച്ചില്ല.

പമ്പ-അച്ചൻകോവിൽ നദീജലം തമിഴ്നാട്ടിലേക്ക് കടത്തുന്നതിനെതിരെ നടപടി

*6 [75] ശ്രീ. കെ. ഇ. ഇസ്മയിൽ:

,, പി. എസ്. ശ്രീനിവാസൻ:

,, സി. കെ. ചന്ദ്രപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പ-അച്ചൻകോവിൽ വൈഗ ലിങ്ക് വഴി തമിഴ്നാട്ടിലേക്ക് ജലം തിരിച്ചുവിടുന്നതിന് നാഷണൽ വാട്ടർ ഡെവലപ്പ്മെന്റ് ഏജൻസി തയ്യാറാക്കിയ റിപ്പോർട്ട് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ ജലം തിരിച്ചുവിടുന്നത് ഭാവിയിൽ മദ്ധ്യതിരുവിതാംകൂർ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ജലം തിരിച്ചുവിടുന്നതിന്റെ ഫലമായി ഉണ്ടായേക്കാവുന്ന പരിസ്ഥിതിയുടെ അസന്തുലിതാവസ്ഥ, എക്കോ-സിസ്റ്റത്തിലെ മാറ്റം എന്നിവ പരിഗണിച്ച് പ്രസ്തുത നിർദ്ദേശം പിൻവലിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) റിപ്പോർട്ട് സർക്കാർ വിശദമായി പഠിക്കുകയും ഉചിതമായ മറുപടി കേന്ദ്ര സർക്കാരിന് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. വിശദമായ പഠനങ്ങൾ സർക്കാരിനുവേണ്ടി കോഴിക്കോട്ടുള്ള ജലവിഭവ വികസന വിനിയോഗ കേന്ദ്രം നടത്തിക്കൊണ്ടിരിക്കുന്നു.

(സി) ജലവിഭവ വികസന വിനിയോഗ കേന്ദ്രത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയ ജലവിഭവ കൗൺസിൽ യോഗം

*7 [76] ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ:

,, ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലവിഭവ കൗൺസിൽ യോഗം ഏറ്റവും ഒടുവിൽ ചേർന്നതെന്നാണ്;

(ബി) പ്രസ്തുത യോഗത്തിൽ കേന്ദ്ര ജലവിഭവ മന്ത്രാലയം തയ്യാറാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചർച്ചചെയ്തിരുന്നുവോ;

LIBRARY ARCHIVES Kerala Legislative Assembly